**കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 611**

**05.06.2018 - ൽ മറുപടിക്ക്.**

## വ്യവസായ രംഗത്ത് വികസനം ലക്ഷ്യമാക്കിയുള്ള നടപടികൾ

ചോദ്യം
ശ്രീ. യു.ആർ.പ്രദീപ്

മറുപടി
**ശ്രീ. എ. സി. മൊയ്തീൻ**
**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി).**

| ചോദ്യം | മറുപടി |
|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് വ്യവസായരംഗത്ത് വികസനം ലക്ഷ്യമാക്കി എന്തെല്ലാം നടപടികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കി കൊണ്ടിരിക്കുന്നത്; വിശദാംശം വ്യക്തമാക്കാമോ; | (എ) : കേരളത്തെ കൂടുതൽ വ്യവസായ സൗഹൃദമാക്കി, വ്യവസായ നിക്ഷേപം ആകർഷിച്ച് വ്യവസായ വികസനം സാധ്യമാക്കുന്നതിനുള്ള നടപടികളാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വീകരിച്ചു വരുന്നത്. ഇതിനായി ഈസ് ഓഫ് ഡൂയിങ് ബിസിനസ്സ് കേരളത്തിൽ നടപ്പാക്കിയിട്ടുണ്ട്. ഈ സംരംഭത്തിന്റെ നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നത് കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനാണ്. ഈ പദ്ധതിയുടെ ഭാഗമായി വ്യവസായ വകുപ്പിന്റെയും മറ്റ് ബന്ധപ്പെട്ട വകുപ്പുകളുടെയും ചട്ടങ്ങളും നിയമങ്ങളും ലഘൂകരിച്ച് വിവിധ അപേക്ഷ ഫാറങ്ങൾ പരിഷ്കരിച്ച് കോമൺ അപേക്ഷ ഫാറം ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വ്യവസായ സംരംഭങ്ങളുടെ സുഗമമായ നടത്തിപ്പിനായി വിവിധ വകുപ്പുകളുടെ ഏഴ് നിയമങ്ങളിൽ ഭേദഗതി വരുത്തി കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട് 2017 പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ആക്ടിലൂടെ വിവിധ വകുപ്പുകളിൽ നിന്നും ലഭിക്കുന്ന ഏകജാലക ഓൺലൈൻ സേവനങ്ങൾ, സ്പോട്ട് രജിസ്ട്രേഷൻ, സ്വയം സാക്ഷ്യപ്പെടുത്തൽ, ഡീംഡ് അപ്രൂവൽ, |

വൈദ്യുതി കണക്ഷൻ, ട്രേഡ് ലൈസൻസ് എന്നിവ വേഗത്തിൽ ലഭ്യമാക്കാൻ സാധിക്കുന്നു. ഈ ആക്ടിന്റെ സുഗമമായ നടത്തിപ്പിനും പരിശോധനയ്ക്കുമായി ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ സെൽ രൂപവത്കരിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് വ്യവസായ വികസനം ലക്ഷ്യമാക്കി നടപ്പിലാക്കിയ നൂതന പദ്ധതികൾ താഴെപ്പറയുന്നു.

- നാനോ/കുടുംബ സംരംഭകർക്കുള്ള ഇന്ററസ്റ്റ് സബ്‌വെൻഷൻ പദ്ധതി.
- എറണാകുളത്തും തൃശ്ശൂരും ഇന്നവേറ്റീവ് അന്താരാഷ്ട്ര ഫർണിച്ചർ ഹബ് .
- സർവ്വകലാശാലകളും ഗവേഷണ സ്ഥാപനങ്ങളും വ്യവസായങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തൽ പദ്ധതി.
- സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകർക്കുള്ള ഇൻഷ്വറൻസ് പരിരക്ഷ പദ്ധതി.
- ക്ലസ്റ്റർ ഡവലപ്പ്മെന്റ് പദ്ധതി.
- തകർച്ച നേരിടുന്ന സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ പുനരുദ്ധാരണ പദ്ധതി.
- വ്യവസായ സഹകരണ സംഘങ്ങൾക്കുള്ള സഹായം.
- വ്യവസായ വികസനം ലക്ഷ്യമാക്കിയുള്ള പശ്ചാത്തല വികസന പദ്ധതികളിലൂന്നി ബഹുനില വ്യവസായ സമുച്ചയങ്ങളുടെ നിർമ്മാണം.
- തൃശ്ശൂർ ജില്ലയിലെ പൂവൻതുരുത്ത്, എറണാകുളം ജില്ലയിലെ എടയാർ എന്നിവിടങ്ങളിൽ കേന്ദ്ര സർക്കാർ സഹായത്തോടെയുള്ള പ്രത്യേക പ്രോജക്ടുകൾ.

വ്യവസായ വികസനം ലക്ഷ്യമാക്കി രൂപം നൽകിയിട്ടുള്ള മറ്റു പദ്ധതികൾ

താഴെപ്പറയുന്നു.

* ചെന്നൈ മുതൽ ബാംഗ്ലൂർ വരെയുള്ള വ്യവസായ ഇടനാഴി.
* പൊതു മേഖലയിലും സ്വകാര്യ മേഖലയിലും പുതിയ വ്യവസായ പാർക്കുകൾ തുടങ്ങുന്നതിനുള്ള പദ്ധതികൾ.
* മേഖലാധിഷ്ഠിത വ്യവസായ പാർക്കുകൾ തുടങ്ങുന്നതിനുള്ള സാഹചര്യം ഒരുക്കൽ.

(ബി) ഈ പദ്ധതികളിലൂടെയും നടപടികളിലൂടെയും സംസ്ഥാനത്തെ വ്യവസായരംഗത്ത് പുത്തൻ ഉണർവ്വ് ഉണ്ടായിട്ടുണ്ട് എന്ന വിലയിരുത്തലുകൾ വ്യവസായ വകുപ്പ് നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

(ബി) : ഉണ്ട്.

കഴിഞ്ഞ വർഷം നടത്തിയ വിവിധ സംരംഭകത്വ പരിശീലന പരിപാടികളിൽ ഏകദേശം 35107 പേർ പങ്കെടുക്കുകയും 2157 യൂണിറ്റുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതിലൂടെ 8090 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. 22907 ലക്ഷം രൂപയുടെ വ്യവസായ നിക്ഷേപവും നടത്തിയതായി കണ്ടെത്തി. 2018-19 വർഷം ഇതുവരെ 1077 യൂണിറ്റുകൾ ആരംഭിക്കുകയും 95.83 കോടി രൂപയുടെ നിക്ഷേപം വരികയും 3732 തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തു.

സെക്ഷൻ ഓഫീസർ.